# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/233/2018 2018 നവംബർ 1

## എം.ജി. വാർത്താക്കുറിപ്പ്

---

### അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം., എം.സി.ജെ., എം.എസ്.ഡബ്ല്യു., എം.ടി.എ., എം.ടി.ടി.എം. (സി.എസ്.എസ്.) (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾക്ക് നവംബർ രണ്ടു മുതൽ 11 വരെ ഓൺലൈനായി അപേക്ഷിക്കാം. ഇ-പേയ്‌മെന്റ് മുഖേനയാണ് ഫീസടയ്ക്കേണ്ടത്. 500 രൂപ പിഴയോടെ നവംബർ 12 മുതൽ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ നവംബർ 16 മുതൽ 21 വരെയും അപേക്ഷ നൽകാം. റഗുലർ വിദ്യാർഥികൾ കോളേജ് മുഖേന ഓൺലൈനായി ഫീസടയ്ക്കണം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററൊന്നിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ (പരമാവധി 200 രൂപ) വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

സപ്ലിമെന്ററി പരീക്ഷയ്ക്ക് (2014, 2015, 2016 അഡ്മിഷൻ/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) ഓൺലൈനായി ഫീസടച്ചശേഷം അപേക്ഷ സർവകലാശാലയിൽ നേരിട്ട് നൽകണം. പിഴയില്ലാതെ നവംബർ ഒൻപത് വരെയും 500 രൂപ പിഴയോടെ നവംബർ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ നവംബർ 21 വരെയും അപേക്ഷിക്കാം.

### എം.എ. ഇക്കണോമിക്സ് അന്തിമ സ്ഥാന പട്ടിക

2014 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപ്പട്ടിക പ്രസിദ്ധീകരിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ നിമ്മി എസ്. കോട്ടൂർ, ജീൻ മരിയ ജോർജ്ജ്, തനീറ്റ ഏല്യ ഫിലിപ്പ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

### പരീക്ഷാഫലം

2018 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ അപേക്ഷിക്കാം.

2018 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ റീഹാബിലിറ്റേഷൻ സൈക്കോളജി (2017 ബാച്ച്)(സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### സർവകലാശാലയിലും കോളേജുകളിലും

### മലയാള ദിനാഘോഷവും പ്രതിജ്ഞയും

ലോക മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷ വാരാഘോഷത്തിന്റെയും ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലും കോളേജുകളിലും വിദ്യാർഥികളും അധ്യാപകരും ഭാഷാ പ്രതിജ്ഞയും ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞയുമെടുത്തു. സർവകലാശാല ഭരണവിഭാഗ ചത്വരത്തിൽ നടന്ന ഭരണഭാഷ സമ്മേളനത്തിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ.എ.എസ്. പത്മനാഭൻ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ എം.ആർ. ഉണ്ണി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന, പി.ആർ.ഒ. എ. അരുൺകുമാർ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**ലോക മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷ വാരാഘോഷത്തിന്റെയും ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ഭരണഭാഷ സമ്മേളനത്തിൽ ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞയെടുക്കുന്നു**

## ഭിന്നശേഷി വിദ്യാർഥികളുടെ വിദ്യാഭ്യാസ പുനരധിവാസത്തിന് ആർ.സി.ഐ. സഹായം

ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ വിദ്യാഭ്യാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും ലഭ്യമാക്കുമെന്ന് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ.) സോണൽ കോ-ഓർഡിനേറ്റർ ഗായത്രി രവീഷ് പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ പഠനവൈകല്യങ്ങളെക്കുറിച്ച് നടത്തിയ ദ്വിദിന ദേശീയ സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസ പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ആർ.സി.ഐ.യുടെ അംഗീകാരവും രജിസ്ട്രേഷനും വേണമെന്നും ദേശീയതലത്തിൽ പഠനം, പരിശീലനം, ഗവേഷണം എന്നീ രംഗങ്ങളിൽ വിദഗ്ധ ഉപദേശം നൽകുന്നുണ്ടെന്നും ഗായത്രി രവീഷ് പറഞ്ഞു. സെമിനാറിന്റെ സമാപന സമ്മേളനം ഐ.ക്യു.എ.സി. ചെയർമാൻ പ്രൊഫ. സി.ടി. അരവിന്ദകുമാർ നിർവ്വഹിച്ചു. ഡയറക്ടർ ഡോ. രാജീവ് കുമാർ, ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, പ്രൊഫ.പി.എസ്. സുകുമാരൻ, റിൻസി ജോസഫ് എന്നിവർ പ്രസംഗിച്ചു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ പഠനവൈകല്യങ്ങളെക്കുറിച്ച് നടത്തിയ ദ്വിദിന ദേശീയ സെമിനാറിൽ ആർ.സി.ഐ. സാണൽ കോ–ഓർഡിനേറ്റർ ഗായത്രി രവീഷ് മുഖ്യപ്രഭാഷണം നടത്തുന്നു**

## ദ്വിദിന പരിശീലന പരിപാടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ഇ-ടെൻഡർ' എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി നടത്തുന്നു. സർവകലാശാലയിലെ സെന്റർ ഫോർ ഹൈ പെർഫോമൻസ് കമ്പ്യൂട്ടിങ്ങിന്റെ ഹാളിൽ നവംബർ എട്ടിന് രാവിലെ 10ന് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കാണ് പരിശീലനം. പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിലും എ.ഡി.ബി. IX സെക്ഷനിലും ലഭിക്കും.

## എൻ.എസ്.എസ്. പരിശീലന പരിപാടി ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ 'സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ വ്യക്തിത്വ വികസനം' എന്ന വിഷയത്തിൽ ഇന്ന് (നവംബർ 2) രാവിലെ 10ന് സർവകലാശാല അസംബ്ലി ഹാളിൽ പരിശീലന പരിപാടി നടക്കും. സർവകലാശാലയുടെ കീഴിലുള്ള എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നുള്ള വോളണ്ടിയർമാർക്കായാണ് പരിശീലനം. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗം ഡോ. ബിസ്മി ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അധ്യക്ഷത വഹിക്കും. പ്രൊഫ. ജോബിൻ ജോർജ് ക്ലാസെടുക്കും.

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ മെഗാ തൊഴിൽമേള നാളെ (നവംബർ 3)

### പങ്കെടുക്കുന്നത് 47 തൊഴിൽദായകർ

നാൽപ്പത്തിയേഴ് പ്രമുഖ തൊഴിൽദായകർ പങ്കെടുക്കുന്ന മെഗാതൊഴിൽമേള 'ദിശ 2018' നാളെ (നവംബർ 3) അതിരമ്പുഴയിലെ സർവകലാശാല കാമ്പസിൽ നടക്കും. എം.ജി. സർവകലാശാല പ്ലേസ്മെന്റ് സെല്ലും എംപ്ലോയബിലിറ്റി സെന്ററും നാഷണൽ എംപ്ലോയ്മെന്റ് സർവീസും സംയുക്തമായാണ് തൊഴിൽമേള സംഘടിപ്പിക്കുന്നത്. രാവിലെ 9.30ന് മേളയുടെ ഉദ്ഘാടനം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ.എ.എസ്. പത്മനാഭൻ നിർവഹിക്കും. കെ. സുരേഷ്കുറുപ്പ് എം.എൽ.എ.

മുഖ്യാതിഥിയാകും. ജില്ലാ കളക്ടർ ബി.എസ്. തിരുമേനി മുഖ്യപ്രഭാഷണം നടത്തും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിക്കും.

രാവിലെ ഒൻപത് മുതൽ രജിസ്ട്രേഷൻ ആരംഭിക്കും. ബാങ്കിങ്, സെയിൽസ്, മാർക്കറ്റിങ്, ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ, ഐ.റ്റി., കെ.പി.ഒ., ബി.പി.ഒ. അടക്കം വിവിധ മേഖലയിലെ തൊഴിൽദാതാക്കളാണ് പങ്കെടുക്കുക.

എം.ബി.എ., എം.സി.എ., ഐ.റ്റി.ഐ., ഡിപ്ലോമ, ബി.ടെക് കമ്പ്യൂട്ടർ സയൻസ്/ഐ.റ്റി., ബി.ബി.എ., എന്നിവയടക്കമുള്ള ബിരുദവും വിവിധ ബിരുദാനന്തര ബിരുദമുള്ളവർക്കും അവസാന വർഷ ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്കും പങ്കെടുക്കാം. എംപ്ലോയിബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്തവരും പുതുതായി രജിസ്ട്രേഷൻ നടത്തേണ്ടവരും രാവിലെ ഒൻപതിന് സർവകലാശാല കാമ്പസിലെ അസംബ്ലി ഹാളിൽ എത്തണം. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് അഞ്ചു കമ്പനികളുടെ ഇന്റർവ്യൂവിൽ പങ്കെടുക്കാം. അന്നേ ദിവസം രജിസ്റ്റർ ചെയ്യുന്നവർക്ക് രണ്ട് കമ്പനികളുടെ ഇന്റർവ്യൂവിലും പങ്കെടുക്കാം. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്കും പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്കും ഭിന്നശേഷിക്കാർക്കുമായി പ്രത്യേക കൗണ്ടറുകൾ സജ്ജമാക്കും.

**ഒരുക്കമായി; രജിസ്റ്റർ ചെയ്തത് 3000 പേർ**

തൊഴിൽമേളയുടെ ഒരുക്കം വിലയിരുത്തുന്നതിനായി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ.എ.എസ്. പത്മനാഭന്റെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥതല യോഗം ചേർന്നു. ഉദ്യോഗാർഥികൾക്ക് സഹായം നൽകുന്നതിന് 100 വോളണ്ടിയർമാരെ നിയോഗിച്ചതായി പ്ലേസ്മെന്റ് ഓഫീസർ ഡോ. ജോണി ജോൺസൺ പറഞ്ഞു. മൂവായിരംപേർ സിവിൽ സ്റ്റേഷനിലെ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് എംപ്ലോയിബിലിറ്റി സെന്റർ വഴി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് എംപ്ലോയ്മെന്റ് ഓഫീസർ ജി. ജയശങ്കർ പ്രസാദ് പറഞ്ഞു. സുരക്ഷയടക്കമുള്ള ക്രമീകരണങ്ങൾ യോഗം വിലയിരുത്തി. പെഡഗോഗിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്, ബിഹേവിയറൽ സയൻസ്, ലെറ്റേഴ്സ്, ബയോസയൻസ്, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, കെമിക്കൽ സയൻസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് എന്നീ പഠനവകുപ്പുകളിലാണ് വിവിധ കമ്പനികൾക്ക് ഇന്റർവ്യൂ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. അയ്യായിരത്തോളം ഉദ്യോഗാർഥികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. വിശദവിവരത്തിന് ഫോൺ: 9745734942, 0481 2563451.

## സുസ്ഥിര ജലവിഭവ പരിപാലനം;

## രാജ്യാന്തര ശില്പശാല ഇന്നു മുതൽ (നവംബർ 2)

'സുസ്ഥിര ജലവിഭവ പരിപാലനം' എന്ന വിഷയത്തിൽ ജപ്പാനിലെ സോഫിയ സർവകലാശാലയും മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന രാജ്യാന്തര ശില്പശാല ഇന്ന് (നവംബർ 2) ആരംഭിക്കും.

രാവിലെ ഒൻപതിന് സർവകലാശാല കാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസ് സെമിനാർ ഹാളിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ സെമിനാർ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ അധ്യക്ഷത വഹിക്കും. പ്രൊഫ. ഇ.ജെ. ജെയിംസ്, പ്രൊഫ. ഹ്വാങ് ഗ്വാങ്ങ്, പ്രൊഫ. കെയ്കോ ഹിരോ, ഡോ. നൊബുഹിറോ സുസുക്കി, പ്രൊഫ. ജോൺ ജെ. പുത്തൻകളം, ഡോ. പി.എസ്. ഹരികുമാർ, ഡോ. കെ.ജി. പത്മകുമാർ, ഡോ. സി.ടി. അരവിന്ദ്കുമാർ, ഡോ. എ.എം. തോമസ്, ഡോ. ഇബ്നുസൗദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ